CHRIST COLLEGE
PULIYANMALA, KATTAPPANA
MANAGED BY CMI FATHERS

04868 270400, 99 46 944 499
www.christcollegekattappana.org
christcollegekattappana@gmail.com

## കോവിഡ് –19 പകർച്ചവ്യാധിയെ പ്രതിരോധിക്കാൻ, പരീക്ഷയ്ക്കു വരുന്ന വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പരീക്ഷയ്ക്ക് കുട്ടികളെ ക്രമീകരിക്കുമ്പോൾ ഒരു ബഞ്ചിൽ പരമാവധി രണ്ടു പേർ എന്ന രീതിയിൽ ഇരിക്കേണ്ടതാണ്.

2. കുടിവെള്ളം കൊണ്ടുവന്ന കുപ്പി, ഗ്ലാസ്, സ്കെയിൽ, റബർ, പേന തുടങ്ങിയവ കുട്ടികൾ തമ്മിൽപങ്കുവയ്ക്കാൻ അനുവദിക്കുന്നതല്ല. കുടിവെള്ളം അവരവർതന്നെ കൊണ്ടുവരേണ്ടതാണ്.

3. പനി, ചുമ, തൊണ്ടവേദന, മൂക്കൊലിപ്പ് തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ള കുട്ടികൾ മുൻകൂട്ടിത്തന്നെ കോളേജ് ഓഫീസിൽ അറിയിക്കേണ്ടതാണ്.. മാസ്കും സാനിറ്റൈസറും സ്വന്തമായി കരുതാൻ ശ്രദ്ധിക്കുമല്ലോ.

4. പനിയോ മറ്റ് രോഗക്ഷണങ്ങളോ ഉള്ള പരീക്ഷാർത്ഥികൾക്ക് പ്രത്യേകം ഒരുക്കിയിരിക്കുന്ന റൂമുകളിൽ ഇരുന്ന് എക്സാം എഴുതേണ്ടേതാണ്.

5. മേൽപ്പറഞ്ഞ രോഗലക്ഷണമുള്ളവരെന്നു കരുതുന്ന ആരെങ്കിലുമായി അറിഞ്ഞോ അറിയാതെയൊ സമ്പർക്കം പുലർത്താനിടയായിട്ടുള്ളവരും റിസപ്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

6. പരീക്ഷക്കായി കോളേജിൽ എത്തുന്ന മുഴുവൻ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ഉദ്യോഗസ്ഥരേയും തെർമ്മൽ സ്കാനിങ്ങിന് വിധേയരാക്കേണ്ടതുണ്ട് ആയതിനാൽ 30 മിനിറ്റിന് മുമ്പായി പരീക്ഷയുമായി ബന്ധപ്പെട്ടവർ കോളേജിൽ എത്തിച്ചേരേണ്ടതാണ്.

7. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ വീടുകളിൽ ക്വാറന്റെയ്നിൽ കഴിയുന്നവർ ഉണ്ടെങ്കിൽ പ്രസ്തുതവിവരം ആരോഗ്യപ്രവർത്തകരെയും കോളേജ് അധികൃതരേയും മുൻകൂട്ടി അറിയിക്കേണ്ടതാണ്.

8. ക്ലാസ് മുറികളുടെ ജനലുകളും കതകുകളും വായു സഞ്ചാരം ഉറപ്പു വരുത്തുന്നരീതിയിൽ തുറന്നിടണം.

9. പൊതുവാഹന ഗതാഗതം ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ സ്വന്തം സുരക്ഷയെ പ്രതി മാസ്കോ മറ്റെന്തെങ്കിലും മുഖാവരണമൊ ധരിച്ച് യാത്ര ചെയ്യേണ്ടതാണ്.

10. കോളേജിൽ പ്രവേശിച്ചാലുടനെ കോളേജിലെ വാഷ് റൂമുകളിലും വാഷ്ബേസിനടുത്തും സജ്ജമാക്കിയിട്ടുള്ള സംവിധാനം ഉപയോഗിച്ച് കൈയും മുഖവും അണുവിമുക്തമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

11. ആരോഗ്യവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വിദ്യാർത്ഥികൾ കഴിവതും കൂട്ടം കൂടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം

12. പരീക്ഷ കഴിഞ്ഞാലുടൻതന്നെ കുട്ടികൾ കാമ്പസിൽ കൂട്ടം കൂടി നിൽക്കാതെ വീടുകളിലേയ്ക്ക് പോകേണ്ടതാണ്.

13. അതതു ദിവസങ്ങളിൽ പരീക്ഷയ്ക്കു വരുന്ന കുട്ടികൾ നിർബന്ധമായും 1.15 നു മുമ്പ് പരീക്ഷാ ഹാളിൽ പ്രവേശിച്ചിരിക്കണം.

14. ക്ലാസ്സ് മുറികളെല്ലാം തന്നെ പരീക്ഷാ ഹാളായി ക്രമീകരിച്ചിരിക്കുന്നതിനാലും കൂട്ടം കൂടലുകൾ ഒഴിവാക്കുന്നതിനാലും കുട്ടികൾ 12.45 ന് ശേഷം എത്തിച്ചേർന്നാൽ മതിയാകും.

15. പരീക്ഷാസമയത്ത് വിദ്യാർത്ഥികൾക്ക് എന്തെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽ ഉടനെതന്നെ ഇൻവിജിലേറ്ററെ അറിയിക്കേണ്ടതാണ്.

16. കോവിഡ് പ്രതിരോധമാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള സുഗമമായ പരീക്ഷാനടത്തിപ്പിന് മാതാപിതാക്കന്മാരുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

17. അശ്രദ്ധമൂലമോ നിരുത്തരവാദിത്തപരമായ കാര്യങ്ങൾ മുഖേനയോ കോവിഡ് 19 പകർച്ചവ്യാധി പടരാൻ നാം കാരണക്കാരാകരുത്.

18. മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ, പരീക്ഷാ ദിവസങ്ങളിലെല്ലാം കൃത്യമായി പാലിച്ച് ഈ മഹാമാരിയെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ പ്രവർത്തനങ്ങളുമായി നമുക്ക് സഹകരിക്കാം.

19. സംസ്ഥാന ആരോഗ്യവകുപ്പ് വിവിധ ഘട്ടങ്ങളിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് പുറത്തിറക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഒരുമിച്ച് നിൽക്കാം... പ്രാർത്ഥിക്കാം...

**പ്രിൻസിപ്പാൾ**

**കോവിഡ് 19 വ്യാപനത്തെത്തുടർന്ന് മാറ്റിവച്ച മഹാത്മാ ഗാന്ധി സർവകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ പുനഃക്രമീകരിച്ചു. പുതുക്കിയ വിജ്ഞാപനം ചുവടെ. പരീക്ഷകൾ 2020 ജൂൺ ഒന്നുമുതൽ**

# MAHATMA GANDHI UNIVERSITY

P.D HILLS
27.05.2020

EA I/2/74/2020

## NOTIFICATION

**In continuation to Notification dated 23.03.2020 it is hereby notified that the University examinations which were scheduled to be held from 20.03.2020 (A.N) and were postponed, have been rescheduled as detailed below:**

| Subject | Scheduled Date | Rescheduled Date |
|---|---|---|
| **VI SEMESTER (CBCS 2017 ADMISSION -PRIVATE REGISTRATION) UNDER GRADUATE EXAMINATIONS MARCH 2020 (Time: 01.30.pm to 04.30 pm on all days ,except Fridays, On Fridays 2 pm- 5 pm)** | 20.03.2020 | **Friday 05.06.2020** |
| | 24.03.2020 | **Monday 01.06.2020** |
| | 26.03.2020 | **Wednesday 03.06.2020** |
| | 30.03.2020 | **Saturday 06.06.2020** |
| **VI SEMESTER CBCS 2017 ADMISSION REGULAR UNDER GRADUATE EXAMINATIONS MARCH 2020 (Time: 01.30.pm to 04.30 pm on all days, except Fridays, On Fridays 2 pm- 5 pm)** | 20.03.2020 | **Friday 05.06.2020** |
| | 24.03.2020 | **Monday 01.06.2020** |
| | 26.03.2020 | **Wednesday 03.06.2020** |
| | 30.03.2020 | **Saturday 06.06.2020** |
| **VI SEMESTER (2013-2016 Admissions Reappearance), B.Sc CYBER FORENSIC (2017 ADMISSION REGULAR/2014-2016 ADMISSIONS REAPPEARANCE) CBCSS UNDERGRADUATE EXAMINATIONS , March 2020 (Time: 9.30 A M to 12.30 P M on all days)** | 24.03.2020 | **Monday 01.06.2020** |
| | 26.03.2020 | **Wednesday 03.06.2020** |
| | 30.03.2020 | **Saturday 06.06.2020** |
| **B.Sc. Electronics Model III (VI Semester CBCS 2017 Admission Regular Under Graduate Examinations March 2020) (Time: 01.30.pm to 04.30 pm on all days)** | 24.03.2020 | **Monday 01.06.2020** |
| | 26.03.2020 | **Wednesday 03.06.2020** |
| **VI Semester B.Voc Degree (2017 Admission Regular/ 2014 to 2016 Admissions Supplementary) (Time: 9.30 A M to 12.30 P M on all days)** | 23.03.2020 | **Monday 01.06.2020** |
| | 25.03.2020 | **Wednesday 03.06.2020** |
| | 27.03.2020 | **Friday 05.06.2020** |

**Sd/-**
**Dr. C M SREEJIT**
**Controller of Examinations**